"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോഴിക്കോട് ജില്ലയിലെ എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്**

സ.ഉ.(സാധാ) നം.348/2024/RD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:-

1. 16.10.2020-ലെ സ.ഉ.(സാധാ)നം.3170/2020/റവ നമ്പർ ഉത്തരവ്.
2. 29.04.2023-ലെ സ.ഉ.(സാധാ)നം.1704/2023/റവ നമ്പർ ഉത്തരവ്.
3. കോഴിക്കോട് ജില്ലാ കളക്ടറുടെ 11.01.2024-ലെ I/457570/2024- നമ്പർ കത്ത് ഉള്ളടക്കം ചെയ്ത 16/1/24ലെ LR/6328/2022-LR(H1) നമ്പർ ലാൻഡ് റവന്യൂ കമ്മീഷണറുടെ കത്ത്

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് ഓരോ 6 മാസം കൂടുമ്പോഴും 6,000/- രൂപ വീതം ലൈഫ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ DBT സംവിധാനത്തിലൂടെ അനുവദിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിയിരുന്നു.

പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം 273 എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 16,02,000/- രൂപ ഫണ്ട് അനുവദിക്കുകയും, 2023 ജനുവരി മുതൽ ജൂൺ വരെയുള്ള 6 മാസത്തെ ധനസഹായമായി 271 എച്ച്.ഐ.വി. ബാധിതരായ രോഗികൾക്കുള്ള ധനസഹായം, ഇതിൽ നിന്നും ജില്ലാ കളക്ടർ അനുവദിച്ചു നൽകിയിട്ടുള്ളതായും, HIV ബാധിതരായ 2 പേരുടെ തുകയായ 12,000/- രൂപ നീക്കിയിരുപ്പുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 271 എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് 2023 ജൂലൈ മുതൽ ഡിസംബർ വരെ വിതരണം ചെയ്യാനാവശ്യമായ തുകയായ 16,26,000/- രൂപയിൽ നീക്കിയിരിപ്പുള്ള 12,000/- രൂപ കിഴിച്ച് 16,14,000/- രൂപ (പതിനാറ് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) അനുവദിച്ചു നൽകണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ 271 എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് 2023 ജൂലൈ മുതൽ ഡിസംബർ വരെ വിതരണം ചെയ്യാനാവശ്യമായ തുകയായ 16,26,000/- രൂപയിൽ നീക്കിയിരിപ്പുള്ള 12,000/- രൂപ കിഴിച്ച് 16,14,000/- രൂപ (പതിനാറ് ലക്ഷത്തി പതിനാലായിരം രൂപ മാത്രം) നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായ 16,14,000/- രൂപ (പതിനാറ് ലക്ഷത്തി പതിനാലായിരം രൂപ മാത്രം)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി ആയ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതും ജില്ലാ കളക്ടർ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത് റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ ,തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 25-01-2024 10:56:14
സെക്ഷൻ ഓഫീസർ